# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1452

**06-03-2017 ൽ മറുപടിയ്ക്ക്**

## ജലദൗർലഭ്യം കാരണമുണ്ടായ നെൽകൃഷിനാശം

**ചോദ്യം**
ശ്രീ.പി. ഉണ്ണി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ രണ്ടാംവിള നെൽകൃഷി ജലദൗർലഭ്യം കാരണം ഉണങ്ങിപോയതായും, മുഞ്ഞരോഗം ബാധിച്ച് നശിച്ചതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | പാലക്കാട് ജില്ലയിൽ ജലദൗർലഭ്യം കാരണം രണ്ടാംവിള നെൽകൃഷി ഉണങ്ങിപോയിട്ടുണ്ട്. മുഞ്ഞരോഗം ബാധിച്ചിട്ടില്ല. |
| (ബി) | വിളനഷ്ടം വന്ന കർഷകർക്കായി എന്തെല്ലാം പരിഹാരനടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | വിളനഷ്ടം വന്ന കർഷകർക്ക് വിളനാശത്തിന് സർക്കാർ അനുവദിച്ച നിരക്കിൽ ഹെക്ടറൊന്നിന് 13,500/- രൂപ വീതം നഷ്ടപരിഹാരമായി നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരമായി ഹെക്ടറിന് 12,500/ രൂപയും നൽകുന്നതാണ്. |
| (സി) | എത്ര ഹെക്ടർ നെൽകൃഷിയാണ് നശിച്ചത് എന്ന് വിവരം ശേഖരിച്ചിട്ടുണ്ടോ; | (സി) | പാലക്കാട് ജില്ലയിൽ രണ്ടാം വിള ചെയ്ത 14158 ഹെക്ടർ നെൽകൃഷി ഉണങ്ങി നഷ്ടപ്പെട്ടിട്ടുണ്ട്. |
| (ഡി) | ജില്ലയിലെ കൃഷിഭവൻ ജീവനക്കാർ കർഷകരെ നേരിൽകണ്ട് എന്തെല്ലാം സൗകര്യങ്ങളും നിർദ്ദേശങ്ങളുമാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ; | (ഡി) | ജില്ലയിലെ പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മുണ്ടകൻ കൃഷിയിറക്കേണ്ടയെന്ന് തീരുമാനിക്കുകയും ആയത് കർഷകരെ അറിയിക്കുകയും കൃഷി ചെയ്താൽ തന്നെ മൂപ്പുകുറഞ്ഞ ഇനങ്ങൾ കൃഷി ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൃഷിയിറക്കിയ കർഷകർക്ക് യഥാസമയം വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | വകുപ്പിൽ നിന്നും സമയോചിതമായ സഹായങ്ങൾ ലഭ്യമാക്കിയില്ലാ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | കൃഷിവകുപ്പിലെ ജീവനക്കാരും, കർഷകരും, ജനപ്രതിനിധികളും, പരിസ്ഥിതി പ്രവർത്തകരും ഉൾപ്പെടുന്ന സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്കായി കൃഷി ഭവൻ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ കൃഷി വകുപ്പിലെ ജീവനക്കാർ, കർഷകർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന കാർഷിക വികസന സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ